പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 393 — 29..06. 2016 ൽ മറുപടിക്ക്

കായംകുളം കെ.എസ്.ഇ.ബി.സബ് സെന്ററുകൾ രൂപികരിക്കുന്നത്

ചോദ്യം — ഉത്തരം

ശ്രീമതി. യു. പ്രതിഭാ ഹരി — ശ്രീ.കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഏകദേശം 20,000- ൽ അധികം ഉപഭോക്താക്കളുള്ള കായംകുളം കെ.എസ്.ഇ.ബി ഈസ്റ്റ് സെക്ഷനിൽ മഴക്കാലത്ത് ഉണ്ടാകുന്ന വ്യാപകമായ വൈദ്യുതി തകരാറുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നിലവിലുള്ള ജീവനക്കാരുടെ എണ്ണം പരിമിതമായതിനാലും പ്രസ്തുത സെക്ഷന്റെ വിസ്തൃതി വളരെ കൂടുതലായതിനാലും പെർമനന്റ് ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് പുതിയ സബ് സെന്ററുകൾ രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) 32 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈസ്റ്റ് സെക്ഷൻ ഓഫീസിന്റെ പരിധിയിൽ 18952 ഉപഭോക്താക്കളാണ് ഉള്ളത്. ഒരു സെക്ഷൻ ഓഫീസിന്റെ പ്രവർത്തനത്തിനായി നിജപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണം പൂർണ്ണമായും കായംകുളം ഈസ്റ്റ് സെക്ഷൻ ഓഫീസിലും അനുവദിച്ചിട്ടുണ്ട്. മീറ്റർ റീഡർ തസ്തികയിലുള്ളവരൊഴികെയുള്ള എല്ലാ സ്റ്റാഫും പെർമനന്റ് സ്റ്റാഫാണ് . ആകയാൽ സെക്ഷനുകീഴിൽ പുതിയ സബ് സെന്റർ ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ